# ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം

സെന്റ് തോമസ് ഭവൻ, ഓർത്തഡോക്സ് യൂത്ത് സെന്റർ,
പഴയസെമിനാരി റോഡ്, ചുങ്കം, കോട്ടയം – 686 001. ഫോൺ: 0481 2583997
E-mail: indianocym@gmail.com / frajikarat@gmail.com website: www.ocymonline.org

OCYM / GS / 06 / 2017

## കേന്ദ്ര ഓഫീസ് വിജ്ഞാപനം

കോട്ടയം,
28/08/2017

ബഹുമാന്യരായ വൈദികരെ, പ്രിയ സഹോദരങ്ങളേ, യുവജനപ്രസ്ഥാനം പ്രവർത്തകരെ, ഏവർക്കും ക്ഷേമമെന്ന് കരുതുന്നു. യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നു എന്നറിയുന്നതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. കൂടുതൽ സജീവമായി പ്രവർത്തനങ്ങളിൽ മുന്നേറാൻ ദൈവം സഹായിക്കട്ടെ.

### 81–ാമത് അന്തർദേശീയ വാർഷിക സമ്മേളനം – പരുമല സെമിനാരിയിൽ

പ്രസ്ഥാനത്തിന്റെ 81–ാമത് അന്തർദേശീയ വാർഷിക സമ്മേളനം **2017 സെപ്റ്റംബർ 29, 30, ഒക്ടോബർ 1 തീയതികളിൽ** പരുമല സെമിനാരായിൽ വെച്ച് നടക്കുകയാണ്. **'തീർത്ഥാടന വീഥികൾ'** എന്നതാണ് മുഖ്യചിന്താ വിഷയം. 29 ന് 3.30 ന് രജിസ്ട്രേഷൻ, 4.15 ന് കേരളാ നിയമസഭാ സ്പീക്കർ **ശ്രീ. പി. ശ്രീരാമകൃഷ്ണൻ** ഉദ്ഘാടനം ചെയ്യും. പ്രസിഡന്റ് **അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പൊലീത്താ** അദ്ധ്യക്ഷത വഹിക്കും.

ക്യാമ്പിന്റെ രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 500 രൂപ ആയിരിക്കും. ഒരു യൂണിറ്റിൽ നിന്നും രണ്ടിൽ കുറയാത്ത അംഗങ്ങൾ പങ്കെടുക്കണം. ക്യാമ്പിൽ പങ്കെടുക്കുന്നവർ സെപ്റ്റംബർ 20 ന് മുമ്പായി ഭദ്രാസന സെക്രട്ടറിമാർ മുഖാന്തിരമോ കേന്ദ്ര ഓഫീസിൽ നേരിട്ടോ നമ്മുടെ ഔദ്യോഗിക വെബ്സൈറ്റായ www.ocymonline.org യിലോ indianocym@gmail.com ലോ രജിസ്റ്റർ ചെയ്യേണ്ടതാണ്. വെബ്സൈറ്റിലോടെ രജിസ്റ്റർ ചെയ്യുന്നവർ ക്യാമ്പിൽ പങ്കെടുക്കുമ്പോൾ ഫീസ് അടച്ചാൽ മതി.

- ക്യാമ്പിൽ പങ്കെടുക്കുന്നവർ വികാരിയുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
- ക്യാമ്പിൽ തികഞ്ഞ അച്ചടക്കം പുലർത്തണം.
- വി. വേദപുസ്തകം കൊണ്ടുവരണം.
- മുഴുവൻ സമയവും പങ്കെടുക്കുന്ന പ്രതിനിധികളെ മാത്രമേ യൂണിറ്റിൽ നിന്ന് അയയ്ക്കാവൂ.
- പ്രതിനിധികൾ ബെഡ് ഷീറ്റ് കൊണ്ടുവരണം.
- വനിതാ പ്രതിനിധികൾക്ക് പ്രത്യേക താമസസൗകര്യങ്ങൾ ക്രമീകരിച്ചിട്ടുണ്ട്.
- ക്യാമ്പിന്റെ പ്രോഗ്രാം നോട്ടീസ് ഭദ്രാസന ഭാരവാഹികൾ, രജിസ്റ്റർ ചെയ്യുന്ന യൂണിറ്റ് സെക്രട്ടറിമാർ എന്നിവർക്ക് മാത്രം അയച്ച് കൊടുക്കുന്നതാണ്.

ക്യാമ്പിന്റെ അനുഗ്രഹീതമായ നടത്തിപ്പിനായി പ്രാർത്ഥിക്കുകയും ക്യാമ്പിൽ പങ്കെടുക്കുവാൻ പ്രതിനിധികളെ അയയ്ക്കുകയും ചെയ്യണമേ.

സ്നേഹപൂർവ്വം

പ്രസ്ഥാനത്തിനുവേണ്ടി

**അജി അച്ചൻ (ജനറൽ സെക്രട്ടറി)**